രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

28(*208) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഡിജിറ്റൽ ഇമേജ് പ്രിന്റർ പദ്ധതി എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും നടപ്പാക്കിയിട്ടുണ്ടോ ;

(സി) ആൾമാറാട്ടം മുഖേന കള്ളപ്രമാണം ചമയ്ക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചതിനുശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ആധാര പകർപ്പുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനം സംസ്ഥാനത്തെ 310 സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി 26-7-2008 തീയതിയിലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 703/2008/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാഷണൽ ഇൻഫോമാറ്റിക്സ് സെൻർ, കേരള വികസിപ്പിച്ച് വിഭാവനം ചെയ്ത PEARL എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് രജിസ്ട്രേഷൻ സംബന്ധമായ എല്ലാ ജോലികളും സബ് രജിസ്ട്രാർ ഓഫീസുകളിൽ ചെയ്തുവരുന്നത്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകാൻ ഈ സോഫ്റ്റ്വെയർ മൂലം കഴിയുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 26 രജിസ്ട്രേഷൻ ഓഫീസ് കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. നിലവിൽ ഭരണാനുമതി ലഭിച്ച 23 സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടം പണി സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു. സ്വന്തമായി സ്ഥലമില്ലാത്ത സബ്രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടികളും നടന്നുവരുന്നു.

(ബി) നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകളും ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അവസാനിപ്പിക്കുന്നതിലേക്കായി 4-5-2007-ലെ 830-ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച 4-5-2007-ലെ ആർ.ആർ. 5448/03 നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തദനുസരണം രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടത് കൈവിരൽപ്പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. വിലയാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും കൈവിരൽപ്പതിപ്പും ആധാരത്തിൽ പതിച്ചിരിക്കണം. മാത്രമല്ല തന്റെ മുമ്പാകെ രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ അനന്യത സ്വയം ബോധ്യപ്പെടുന്നതിലേക്കായി രജിസ്റ്ററിംഗ് ഓഫീസർ, ഇലക്ടറൽ കാർഡോ പാസ്പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ, ആദായനികുതി വകുപ്പിന്റെ പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ, സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്. ഇപ്രകാരം അനന്യത തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖയുടെ പ്രസക്തഭാഗത്തിന്റെ ഫോട്ടോകോപ്പി വാങ്ങേണ്ടതും ആയത് ആധാര നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും ചേർത്ത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ഫയൽ ചെയ്ത് പരിപാലിക്കേണ്ടതുമാണ്.

(ഡി) കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൽ ഇമേജ് പ്രിന്റർ പരിഷ്കാരം ജോലിഭാരത്തിന് അനുസരിച്ചുള്ള ഉദ്യോഗസ്ഥ പുനർ വിന്യാസം, അടിസ്ഥാന സൗകര്യവികസനം എന്നീ ശാസ്ത്രീയ മാനേജ്മെന്റ് നടപടികളിലൂടെ ജോലിഭാരം കുറയ്ക്കുകയും സേവന വേഗത വർദ്ധിപ്പിക്കുകയും ചെയ്തതിന് ശേഷമാണ് വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചത്. ഈ നടപടികൾ മൂലം വകുപ്പിന്റെ കാര്യക്ഷമതയിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് ഐ.എം.ജി. യുടെ നേതൃത്വത്തിൽ നടത്തിയ വകുപ്പിന്റെ ടി.എൻ.എ. പഠനത്തിൽ പൊതുവായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം മാത്രമായി വിശദമായ ഒരു പഠനം നടത്തിയിട്ടില്ല.

കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ നവീകരണം

29(*209) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly